"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി -കോവളം - ബേക്കൽ ജലപാത വികസനം - വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് - കഠിനംകുളം പഞ്ചായത്ത് - കടയുടമകൾക്കുള്ള നഷ്ടപരിഹാരം- ശ്രീമതി സരസ്വതിയ്ക്ക് തുക അനുവദിക്കുന്നത്- അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.8/2026/CSIND തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ.)നം.23/2022/സി.എസ്.ഐ.എൻ.ഡി, തീയതി 24/11/2022.
2. സ.ഉ.(സാധാ.)നം.4/2023/സി.എസ്.ഐ.എൻ.ഡി, തീയതി 16/02/2023.
3. സ.ഉ.(സാധാ.)നം.7/2023/സി.എസ്.ഐ.എൻ.ഡി, തീയതി 24/02/2023.
4. സ.ഉ.(സാധാ.)നം.36/2023/സി.എസ്.ഐ.എൻ.ഡി, തീയതി 28/11/2023
5. ചീഫ് എഞ്ചിനീയർ, ക്വിൽ സമർപ്പിച്ച 30/08/2025, 08/01/2026 തീയതികളിലെ KWIL/WCC/Rehab/72/2025 നമ്പർ കത്ത്.
6. സ.ഉ.(സാധാ.)നം.49/2025/സി.എസ്.ഐ.എൻ.ഡി, തീയതി 25/10/2025

**ഉത്തരവ്**

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് നടപ്പാക്കുന്നതിന് പരാമർശം(1) പ്രകാരം വ്യവസ്ഥകളോടെ അംഗീകാരം നൽകി ഉത്തരവായിരുന്നു. പ്രസ്തുത പാക്കേജ് പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

2.കഠിനംകുളം പഞ്ചായത്തിൽ ശ്രീമതി സരസ്വതി, ആറ്ററുകിൽ വീട്, അണക്കപ്പിള്ള, പുത്തൻതോപ്പ് (പ്രോപ്പർട്ടി കോഡ് T8-203) എന്നയാൾക്ക് കടയുടമകൾക്ക് നല്കുന്ന നഷ്ടപരിഹാരപരിഹാര തുകയായ 50,000/- രൂപയ്ക്ക് അർഹതയുണ്ടെന്നും, ശ്രീമതി സരസ്വതിയ്ക്ക് കനാൽ പുറമ്പോക്കിൽ വീട് ഉണ്ടായിരുന്നതിനാൽ (പ്രോപ്പർട്ടി കോഡ് T8-106) വെസ്റ്റ് കോസ്റ്റ് റീഹാബിലിറ്റേഷൻ പാക്കേജ് തുകയും,വീടിന്റെ വാല്യുവേഷൻ തുകയും പരാമർശം (3),(4) ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നതാണെന്നും, കടയുടമകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയായ 50000/- രൂപ കൂടി അനുവദിക്കുന്നതിന് അനുമതി നല്കണമെന്നും പരാമർശം (4) കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, ക്വിൽ ആവശ്യപ്പെടുകയുണ്ടായി. കട സ്ഥിതി ചെയ്യുന്ന കെട്ടിടത്തിനുള്ള (പ്രോപ്പർട്ടി കോഡ് T8- 203) വാല്യുവേഷൻ തുകയ്ക്ക് പരാമർശം (6) ഉത്തരവ് പ്രകാരം അംഗീകാരം നല്കിയിട്ടുമുണ്ട്.

3.സർക്കാർ ഇക്കാര്യം പരിശോധിച്ചു. വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം കടയുടമകൾക്ക് നല്കുന്ന നഷ്ടപരിഹാര തുകയായ 50,000/- രൂപ (അൻപതിനായിരം രൂപ) കഠിനംകുളം ഗ്രാമപഞ്ചായത്തിലെ ശ്രീമതി സരസ്വതി, ആറ്റരുകിൽ വീട്, അണക്കപ്പിള്ള, പുത്തൻതോപ്പ് (പ്രോപ്പർട്ടി കോഡ് T8-203) എന്നയാൾക്ക് അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും,ശ്രീവത്സം ബിൽഡിംഗ്, തത്തംപള്ളി പി.ഒ ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ചീഫ് എഞ്ചിനീയർ, ക്വിൽ, കൊച്ചി എയർപോർട്ട് പി.ഒ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് തിരുവനന്തപുരം.
ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എ2/164/2025/സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം
Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 29-01-2026 11:56:47